# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2076 06.10.2016 ൽ മറുപടിക്ക്

### കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉണ്ണി<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.എം.മുകേഷ്<br>ശ്രീ.ഐ.ബി.സതീഷ് | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്നാണ് രൂപീകരിച്ചതെന്നും ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ; | (എ) 19.02.1975 ൽ കമ്പനി നിയമ പ്രകാരം സ്ഥാപിക്കപ്പെട്ട ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ. സംസ്ഥാനത്തെ പാലങ്ങൾ, ദേശീയപാത പ്രോജക്ടുകൾ,ഡാമുകൾ, കനാലുകൾ, പ്രധാന കെട്ടിടങ്ങൾ, റോഡ് നിർമ്മാണം ഉൾപ്പെടെ വൻകിട മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ഒരു സർക്കാർ ഏജൻസിക്ക് രൂപം കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത സ്ഥാപനം അതിന്റെ ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിച്ച് കരാറുകാർക്ക് അനുകൂലമായി ഒത്തുകളിക്കുന്നതായും കരാർ ഏറ്റെടുത്തശേഷം സബ് കോൺട്രാക്ട് നൽകുന്നതുമായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) സബ് കോൺട്രാക്ട് നൽകുന്നതാ യുള്ള ആക്ഷേപം, അതിന്റെ ഭാഗമായുള്ള മറ്റ് ആക്ഷേപങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സബ് കോൺട്രാക്ടുകൾ നൽകുന്നത് തികച്ചും അസ്വീകാര്യമായ കാര്യമാണ്. |
| (സി) ഈ സ്ഥാപനം സബ് കോൺട്രാക്ട് നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും കോടതി വിധി നിലവിലുണ്ടോ; വിശദമാക്കുമോ; | (സി) 03.07.2015 ൽ കേരള ഹൈക്കോടതിയുടെ WA 2142 ൽ പുറപ്പെടുവിച്ച വിധിപ്രകാരം |

കോർപ്പറേഷന് അനുവദിച്ചിരുന്ന പ്രീ ക്വാളിഫിക്കേഷൻ ആനുകൂല്യം സബ് കോൺട്രാക്ട് മുഖേനയല്ലാതെ കൺസ്ട്രക്ഷൻ കോർപ്പറേഷൻ നേരിട്ട് ചെയ്യുന്ന പ്രവൃത്തികൾക്ക് മാത്രമായി പരിമിതപ്പെടുത്തുകയുണ്ടായി.

(ഡി) പ്രസ്തുത കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രവൃത്തികൾ പലതും പുറം കരാറുകാരെക്കൊണ്ട്ചെയ്യിപ്പിക്കുന്നതു മൂലം പ്രവൃത്തികൾക്ക് വേണ്ടത്ര ഗുണനിലവാരം ഉറപ്പാക്കുന്നതിനും അവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കഴിയുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) സർക്കാർ വകുപ്പുകളിൽ നിന്നും ടെണ്ടർ മുഖാന്തിരം കെ. എസ്. സി. സി. ഏറ്റെടുക്കുന്ന പ്രവൃത്തികൾ, പുറം കരാറുകാരെക്കൊണ്ടു ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തികൾ ഏൽപ്പിക്കുന്ന കരാറുകാരനെ ആശ്രയിച്ചാണ് പ്രവൃത്തികളുടെ ഗുണനിലവാരവും പ്രോഗ്രസ്സും. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

Gnaden

**സെക്ഷൻ ഓഫീസർ**